# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriat Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/07/2024

1. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ്, വെള്ളാനിക്കരയിൽ ഡെൻഡ്രോബിയം ഓർക്കിഡ്, ഗ്രൗണ്ട് ഓർക്കിഡ് തൈകൾ വിൽപ്പനക്ക് തയ്യാറാണ്. വില 30 രൂപ. ബന്ധപ്പെടേണ്ട ഫോൺ:9037998940, 9048178101, 8086413467.

2. ജൈവവൈവിധ്യം (കാർഷിക ജൈവവൈവിധ്യം അടക്കം) കാവ്, കണ്ടൽവനം, ഔഷധ സസ്യങ്ങൾ തുടങ്ങിയ മേഖലകളിൽ സംരക്ഷണപ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകിയ വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, കൃഷിക്കാർ തുടങ്ങിയവരിൽ നിന്നും കേരള വനം വന്യ ജീവി വകുപ്പ് വനമിത്ര 2024-25 പുരസ്ക്കാരത്തിനുള്ള അപേക്ഷ ക്ഷണിച്ചു. വനമിത്ര 2024-25 പുരസ്ക്കാരത്തിന് അർഹരാവുന്നവർക്ക് ഓരോ ജില്ലയിലും 25,000 രൂപയും അവാർഡും ഫലകവുമാണ് നൽകുന്നത്. കണ്ണൂർ ജില്ലയിൽപ്പെട്ട അപേക്ഷകർ അവാർഡിനുള്ള അപേക്ഷ അർഹത സാധൂകരിക്കുന്ന കുറിപ്പും ഫോട്ടോകളും സഹിതം 2024 ആഗസ്റ്റ് 30 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി കണ്ണൂർ കണ്ണോത്തും ചാലിലുള്ള സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് 0497 2705105 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല വാഴ ഗവേഷണ കേന്ദ്രം കണ്ണാറയിൽ നെടുനേന്ദ്രൻ, മഞ്ചേരി നേന്ത്രൻ, പൂവൻ, ഗ്രാൻഡ് നെയിൻ വാഴ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട നമ്പർ:7306708234

4. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ 'ഹാച്ചറി സൂപ്പർവൈസർ കം ടെക്ക്നിഷ്യൻ' തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

യോഗ്യത, തൊഴിൽ പരിജ്ഞാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി നിൽക്കുന്ന മരങ്ങൾ കോതുന്നതിന് Wood cutter Machine ഫാമിൽ എത്തിച്ചു നൽകുന്നതിന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം., എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് Wood cutter Machine സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 02/08/2024 തിയതി രാവിലെ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഓഗസ്റ്റ് 6 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 5 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്തവർക്ക് ഓഗസ്റ്റ് 6 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 05.08.2024 തിങ്കളാഴ്ച്ച മുതൽ 09.08.2024 വെള്ളിയാഴ്ച വരെ **"ഗാർഡനിങ്ങ് നഴ്സറി മാനേജ്മെന്റ്"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809, ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പൗൾട്രി മാനേജ്മെൻറ് (കോഴി, കാട, താറാവ് വളർത്തൽ) എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 1 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താല്പര്യമുള്ളവർക്ക് 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ആഗസ്റ്റ് 05 മുതൽ 09 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

10. ഭാരത സർക്കാർ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭക മന്ത്രാലയവും കേരള സ്റ്റാർട്ടപ് മിഷൻ എംപവർ കാസർഗോഡ് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് 2024 ആഗസ്റ്റ് 8 ന് Fish county resort, പടന്ന കാസർഗോഡ് വച്ച് LEAN and ZERO DEFECT

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ZERO EFFECT (ZED) എന്നീ സ്കീമുകൾ എങ്ങനെ നടപ്പിലാക്കാം എന്നതിനെകുറിച്ച് സെമിനാർ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8921581232, 0487 2360536, 2360686 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം